KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

Code No. 205

# ഭൂമിയമ്മതൻ കണ്ണീർവിളികൾ.

1

"ജീവിതദുഃഖങ്ങൾ തളംകെട്ടിനിൽക്കുന്ന
ഹൃദയത്തിനുടമയാം ഭൂമിയമ്മ."
പെറ്റമ്മയെപ്പോൽ തഴുകിയവൾ മക്കൾക്ക്
വാടാതെ വളയാതെ ഉറപ്പുനൽകി.

ജനനംമുതൽ അവൾ അലറിവിളിച്ചു
നൊന്തുപെറ്റമക്കൾക്കുവേണ്ടി
"കണ്ടും കൊണ്ടുമറിഞ്ഞകഥകളെയോർത്തവൾ
ശപിക്കുന്നു സ്വയമേ 'നശിച്ച ഭൂമി'."
"മനുഷ്യകുലത്തിന് ജന്മം നൽകിയതിൽ
പശ്ചാത്തപിക്കുന്നു ഭീതിച്ചിടുന്നു."
നരകജീവിതം പെറ്റമ്മയ്ക്കുനൽകിയാൽ
പിന്നെന്തുവേണം ആ അമ്മ പിന്നെന്തുവേണം

"നീറുന്നനെഞ്ചുമായ് എരിയുന്ന കണ്ണുമായ്"
തൻ കഥകളോരോന്നുമവൾ വിളിച്ചോതുന്നു
"താളംതെറ്റിയ കഥകൾ ചോരപുരണ്ട കഥകൾ
നേരിന്റെ കഥകൾ നെറികേടിന്റെ കഥകൾ"

"അമ്മതൻ ഹൃദയത്തിൽ ചവിട്ടിമെതിക്കുന്നു
അഴുക്കുപുരണ്ട മനസ്സുമായ് ചിലർ"
"മാനുഷികനന്മയില്ല കരുണയില്ല സത്യമില്ല"
ഒരുമയില്ല സ്ത്രീത്വത്തിന് വില ഒട്ടുമില്ല.

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

മതവും പണവും കളവും ചതിവുമായ്
നാടകവേദിയിൽ അരങ്ങുതകർക്കുന്നു
യുദ്ധം മുഴക്കുന്നു ചോരതെറിക്കുന്നൊടുക്കം
ചില നരഭോജികൾ ആർത്തുല്ലസിച്ചിടുന്നു.

"പിടയുന്ന ജീവനെ തഴുകിയിരുന്നമ്മ
പെട്ടന്നെവിടയോ നിന്നൊരലർച്ച കേട്ടു"
ഓടിയെത്തി നോക്കുമ്പോഴതാ ജീവനുവേണ്ടി
കൈനീട്ടുന്ന പെണ്ണിൻ കരച്ചിൽ.

"ചുറ്റും നിൽക്കുന്ന ചെന്നായ്ക്കളെയവൾ"
തട്ടിമാറ്റുവാനാവാതെ അലറിവിളിക്കുന്നു
"ഓടാൻ കഴിയാതെ ഒളിക്കാൻ കഴിയാതെ"
സ്വന്തം മാനത്തിനുവേണ്ടി കണ്ണുനീർവാർക്കുന്നു

ആ അമ്മ കൈനീട്ടിയപ്പോൾ അതാ
നിത്യനിദ്രയിലേക്കലിഞ്ഞു ചേർന്നാമകൾ
"ഓടിനടന്നമ്മ വിളിച്ചുകൂകി
പലരും പിന്തിരിഞ്ഞു മാറിനിന്നു."

"ആരും കേട്ടില്ല ദൈവം നടിച്ചില്ല
ഭൂമിമാതാവിന്റെ വിളിച്ചോതലുകൾ"
പരിഹാസമായ് പാഴ്‌വാക്കായ്
കെട്ടുകഥയായ് പലരും കണ്ടു

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

"പൈശാചികതയുടെ കാഴ്ചകൾകണ്ടു
അമ്മതൻ മടിത്തട്ടിൽ ചോരഗന്ധം"
"ദിക്കറിയാതെ ദിശയറിയാതെ
തീപോൽ പടർന്നു വ്യാപിച്ചു."

"വിളിച്ചോതിയ കഥകളൊക്കെയും
വകവെയ്ക്കാത്ത മക്കളെ"
"ഹൃദയം നുറുങ്ങുന്ന വേദനയോടെ
ഭൂമിമാതാവിന്ന് വെറുക്കുന്നു അകറ്റിടുന്നു."

* * * *